# വെള്ളാരങ്കല്ലുകൾ

രതി കല്ലട

നിറഞ്ഞൊഴുകുന്ന  തണ്ടോഴിക്കനാൽ .ആരൽ കൂടുകൾ കെട്ടിയിറക്കിയിട്ട ചെമ്മൺ ബണ്ടുകൾ ഇരുവശത്തും . അതിലൂടെ പതുക്കെ വഴുക്കാതെ നടക്കുമ്പോൾ എല്ലാവർക്കും എന്തെന്നില്ലാത്ത സന്തോഷമാണ്. നീണ്ട വേനലവധിയുടെ കളിക്കളങ്ങൾ വിട്ട് സ്കൂളിലെ അടുത്ത ക്ലാസിലേക്കുള്ള ചുവടുവെപ്പ് .  പുതിയ ക്ലാസ്സ് ടീച്ചർ ആരായിരിക്കും, കൊച്ചമ്മിണി ...?

മലയാളം പഠിപ്പിക്കുന്ന,തല്ലാത്ത കൊച്ചു ടീച്ചറെ അവൾക്കും കൂട്ടർക്കും ഒരുപാടിഷ്ടം. ചെറുപ്രായത്തിൽ വിധവയായ  ടീച്ചർ .  കൂടെ പറക്കമുറ്റാത്ത ഇരട്ടക്കുട്ടികൾ. കഴിഞ്ഞവർഷം സ്കൂൾ തുറക്കുന്ന ദിവസം ടീച്ചർ രണ്ടുമക്കളെയും കയ്യിൽ പിടിച്ചു വന്നാണ്

ഒന്നാം ക്ലാസിൽ ഇരുത്തിയത്. ഒരുപോലെ ഉടുപ്പിട്ട, മുടി കുതിരവാൽ കെട്ടിയിട്ട വെളുത്തു തുടുത്ത പെൺമക്കൾ . അവരുടെ അച്ഛൻ ഒരു ആക്സിഡന്റിൽ ആണ് മരിച്ചത് എന്ന് നാല് (സി)

യിലെ മത്തക്കണ്ണൻ രാമു പറഞ്ഞാണ് അറിഞ്ഞത്.

കേട്ടപ്പോൾത്തന്നെ രാജി സ്വന്തംഅചഛനെയാണ് ഓർത്തു പോയത്.... വർഷംതോറുംഒരുമാസം മാത്രം നാട്ടിൽ അവധിക്ക് വന്നുപോകുന്നതാണ് പതിവ .വിഷുക്കാലത്താണ്  നീളൻ കമ്പിത്തിരിയുടെ കുറെ പാക്കറ്റുകളും കുറച്ച് ചുവന്ന മാലപ്പടക്കപ്പെട്ടിയുമായി വരവ്. കൂടാതെ കളർ പെൻസിലുകൾ, നീലയും വെള്ളയും കലർന്ന റബ്ബറുകൾ, പ്ലാസ്റ്റിക് സ്കെയിൽ എല്ലാ മുണ്ടായിരിക്കു .അവൾക്ക് ആ ദിവസങ്ങൾ എപ്പോഴും നിറഞ്ഞസന്തോഷത്തിന്റെ

തേൻ മിഠായികൾ

മദിരാശിയിൽ ഒരു നല്ല കമ്പനിയിലാണന്ന് ജോലി. വെക്കേഷൻ കാലങ്ങളിൽ അവിചാരിതമായി ലീവ് അനുവദിക്കാത്തപ്പോൾ മാത്രം അമ്മയും അവളും അനിയനും അവിടെപ്പോയി താമസിക്കും.  ഓർമ്മയിൽ സൂക്ഷിക്കാൻ ഏറ്റവും കൊതിക്കുന്ന കാലം. ഓഫീസ് വിട്ട് വന്നാൽ ക്വാർട്ടേഴ്സിൽ നിന്നും ഇറങ്ങി കമ്പനിയുടെ എൻട്രൻസ് ഗേറ്റ് ലെ മതിലിനുമുകളിൽ അച്ഛൻ എടുത്തിരുത്തിത്തരും . പൊട്ടുകടലയും കൽക്കണ്ടവും കലർത്തി പൊതിയാക്കി തിന്നാൻ തരും.  പിന്നെ പലതരം കാഴ്ചകളുടെ ഒരു

ശീവേലി യാണ് . വീതി കൂടിയ റോഡിൻ്റെ ഫുട് പാത്തിലൂടെ നടന്ന് ദീപാരാധന തൊഴാൻ അമ്പലത്തിൽ പോകുന്നവർ, വഴിവാണിഭക്കാർ, ചക്കപ്പഴം ചുളകൾ മുറിവേൽപ്പിക്കാതെ പറിച്ചു കുരു നീക്കി വിൽക്കുന്നവർ , ഉച്ചത്തിൽ പാട്ടും കൊട്ടുമായി മരിച്ചവരെ പല്ലക്കിലേറ്റി നടുറോഡിലൂടെ ഘോഷ യാത്രയായി പോകുന്നവർ, വലിയ സിനിമാ പോസ്റ്റർ ചക്രവണ്ടിയിൽ ഉന്തിക്കൊണ്ട് കടന്നുപോകുന്നവർ.

മുല്ലയും കനകാമ്പരവും ചൂടി പച്ചയും ചുവപ്പും വളകളിട്ട ദാവണിപെൺകുട്ടികൾവെള്ളി പാദസരം കിലുക്കി കലപിലകൂട്ടി അപ്പുറത്തെ ഓരംപറ്റി പിള്ളയാർ കോവിലിലേക്ക് പൂത്താലം പിടിച്ചുപോകുന്നതെല്ലാം കാഴ്ചകളായിരുന്നു. എന്നും ഉത്സവതിമിർപ്പ് . തിരിച്ചുപോരലിന്റെ സങ്കടം മാറാൻ പുത്തനുടുപ്പും കുടുയും ചെരുപ്പും സഞ്ചിയും വാങ്ങിത്തന്നിട്ടുണ്ടാവും.

നാട്ടിലെത്തിയാൽ ഓട്ടമാണ്. വെക്കേൻ കാലത്ത് അതുവരെ ഒരിടത്തും പോകാൻ കഴിയാത്ത കൂട്ടുകാരെ കിട്ടിയപുതിയതെല്ലാം കാട്ടിക്കൊടുക്കാനുള്ള വെമ്പലാണ് മനസ്സിൽ.

കൂട്ടുകാരിലാരൊക്കെ കൂടെ പുതിയ ക്ലാസ്സിൽ ഉണ്ടാവും. അവരിൽ എത്ര പേർ തോറ്റവർ ജയിച്ചവർ ഒന്നുമറിയില്ല. തോൽവി കൾക്ക് ക്ഷാമമില്ലാതിരുന്ന കാലഘട്ടം. അതിൽ ആരും പരിഭവിക്കാറില്ല. ചിലർ മാത്രം അതോടെ പഠനം ഉപേക്ഷിക്കും. ചിലർ താഴെയുള്ള സഹോദരങ്ങളെ നോക്കി കൂലിപ്പണിക്കു പോകുന്ന മതാപിതാക്കളെ സഹായിക്കും. എന്തായാലും ബാലു ഇല്ല . പുഴയിൽ കുളിക്കാനിറങ്ങിയ അവന്റെ ശവം പിറ്റെ ദിവസമാണ് കിട്ടിയത്. ഗോപു അവനെ ഉന്തിയിട്ടതാണെന്നും പറയുന്നുണ്ട്. അപ്പൻ സർക്കാരുദ്യോഗസ്ഥനായതിനാൽ ഷീലുട്ടി സ്ഥലം മാറിപ്പോയി . സീതയുടെയും ദാമുവിന്റെയും കൈപിടിച്ച് അവൾ നേരെനടന്നു.

പരസ്പരം ഓരോന്നുപറഞ്ഞു ചിരിച്ചു നടക്കുമ്പോൾ പെട്ടെന്നാവും ആ ചോദ്യം കേൾക്കുക "സ്കൂള് തുറന്നൂലെ ... ജയിച്ചോന്റെ കുട്ട്യോള് ,എത്രനാളായി മക്കളേ കണ്ടിട്ട് " . കനാൽബണ്ടിന്റെ ഇടത്തെ സൈഡിലെ പച്ചപിടിച്ച് പൂത്തു നില്ക്കുന്ന വേലിയിറമ്പിൽ നിന്നാണ് ആ നനുത്ത ശബ്ദം.വെളുത്തമുണ്ടും ബ്ലൗസും നേര്യതുമിട്ട് അതിനേക്കാൾ വെളുത്തു കൊലുന്ന സുന്ദരിയായ മുട്ടറ്റം കോലൻമുടിയുള്ള വെളുവെളുക്കെയുള്ള ചിരിയുമായി രുഗ്മണി വല്ല്യമ്മ. ഗന്ധരാജനും

മുല്ലയും പിച്ചിയും ശംഖുപുഷ്പങ്ങളും മൈലാഞ്ചിയും കട്ടച്ചെമ്പരത്തിയും കൈകോർത്ത മുൾവേലിയിൽ  നിന്ന്

ഭഗവാന് സമർപ്പിക്കാനായി പൂക്കൾ പറിക്കുകയായിരിക്കും അവർ.ചെമ്പകപ്പൂക്കളുടെ കാലമായാൽ കുറെ പറിച്ച് ചേമ്പിലയിൽ പൊതിഞ്ഞ് കുട്ടികൾക്കായി കാത്തു വയ്ക്കും. അരിനെല്ലിക്കയും, ലൂവിയും ,കണ്ണി മാങ്ങായും ,പുളിങ്കുരുവും. സ്കൂൾ മടക്കത്തിലവിടെ സ്നേഹക്കൂട്ടുകളായി കാത്തിരിക്കും.

എന്തിനേറെ... വേനലിൽ മെലിഞ്ഞൊഴുകുന്ന കനാലിൽനിന്ന് , കുളിക്കാൻ പോകുമ്പോൾ അവർ പെറുക്കുന്ന  വെള്ളാരങ്കല്ലുകൾ വരെ കുട്ടികൾക്കായി ചിരട്ടയിൽ സൂക്ഷിച്ച് ചേർത്തുവെക്കും. സ്കൂളിൽ പോകാൻ  സമയം വൈകുന്ന ദിവസങ്ങളിൽ അവർ നടന്ന് ബണ്ട് വിട്ട് റോഡിലേക്ക് കയറി അമ്പലത്തിലേക്ക് നടക്കുന്നുണ്ടാകും. അപ്പോഴും പറയും

“ സാരല്ല്യ ... കുട്ട്യോള് വൈക്യോ ...ഓടി വീഴണ്ടാട്ടൊ “  അവൾക്ക് ഓർമ്മവയ്ക്കുമ്പോൾ വല്യമ്മയും രണ്ട് പെൺമക്കളുമാണ് അവിടെ താമസം ഉണ്ടായിരുന്നത് . വേറെ ആരെയും കണ്ടതായി ഓർമ്മയില്ല. ഒരു വെള്ളപ്പൂച്ച ഇറയത്തിരുന്ന് മുഖം തുടയ്ക്കുന്നുണ്ടാകും. ബസ് റൂട്ടിൽനിന്നും വടക്കോട്ട് തിരിയുന്ന കരിങ്കൽച്ചീളുകളിൽ മണ്ണിട്ട് നിരത്തിയുറപ്പിച്ച വലിയ റോഡിന്റെ പടിഞ്ഞാറെ സൈഡിലെ വീടാണത്. തൊട്ടടുത്ത് കനാൽ . പിന്നിൽ പാടശേഖരം മാനം തൊട്ടപൊലെ .

ഹൈസ്ക്കൂളിലെത്തിയപ്പോൾ ആ വഴി മാറേണ്ടി വന്നു.ജീവിതം പോലെ തന്നെ വളഞ്ഞുപുളഞ്ഞും പല പലജംഗ്ഷനുകൾ പിന്നിട്ടോടാനായി . ഇളംനീലയിൽ മുകളിലായി കാൽഭാഗം വെള്ള പെയിന്റടിച്ച പി. എസ്. മേനോൻ ബസ്സിലായിരുന്നു ശേഷം പഠന യാത്രകൾ . പൈങ്ങച്ചാക്കിനും കുരുമുളക് വട്ടിക്കുമിടയിൽക്കൂടി കടന്നുവന്ന് തുപ്പൽകോളാമ്പി പോലുള്ള മുറുക്കാൻ ചുവപ്പ് തെറിക്കുന്ന വായയുമായി കണ്ടക്ടർ വന്ന് പുറംതോണ്ടി പൈസ ചോദിക്കുമ്പോൾ ഓക്കനം വരും. പത്തു പൈസക്ക് വേണ്ടി പല തവണ ആൾ കൈനീട്ടും .എന്നിട്ടും കൊടുക്കാതെ പറ്റിക്കുന്നവരും ഉണ്ടായിരുന്നു. അമ്മ തരുന്ന ഇരുപതു പൈസയുടെ വില ചെറുതല്ല.   കാലത്തെയാത്ര നടത്തമാക്കി മാറ്റും.

മടക്കയാത്ര കിഴക്കേലെ രാധേച്ചിയെയും കൂട്ടി ബസ്സിലാക്കും. രാധേച്ചിക്ക് അമ്മ കല്യാണി പൈസ തീരെയില്ലാത്തതിനാൽ കൊടുക്കാറില്ല. മിക്കവാറും എല്ലാവരും അഞ്ചും ആറും കിലോമീറ്ററുകൾ നടന്നാണ് പോക്കും വരവും. ചില ദിവസങ്ങളിൽ അവർ രണ്ടുപേരും കൂടി മൊത്തം നടക്കും. ആ കാശിന് പോക്കറിക്കായുടെ പീടികയിലെ ചില്ലു ഭരണിയിലെ  മജന്ത കളറടിച്ച നല്ല മുഴുത്ത കപ്പലണ്ടിമണികൾ  വാങ്ങും. നാവു ചുവപ്പിച്ച്

മധുരം നുണഞ്ഞിറക്കി കാലുകൾ നീട്ടി വലിച്ചു നടക്കും. ചില ദിവസങ്ങളിൽ രാധേച്ചി ചോദിക്കും "രാജീടമ്മ വഴക്ക് പറയാറുണ്ടൊ നടത്തുന്നതിന് "എന്ന്. അന്ന്സമയനിഷ്ഠയൊന്നും വീട്ടുകാർക്കും അറിയില്ല. പറമ്പിൽ നിന്ന് പശുവിന് പുല്ലരിയുകയൊ ,കത്തി ക്കാനായി കവളംപട്ട വെട്ടിക്കീറുകയൊ ആയിരിക്കും അവർ. അതുമല്ലെങ്കിൽവടക്കേലെ ദാക്ഷായണിയമ്മായിയുമായി വേലിപ്പുറത്തുനിന്ന് നാട്ടുവിശേഷം പങ്കു വെക്കുകയായിരിക്കും അമ്മ.

പുസ്തകസഞ്ചി തിണ്ണയിൽ വച്ച് കയ്യും കാലും കഴുകി അകത്തു കയറി അമ്മയെ വിളിക്കുമ്പോഴാകും പറമ്പിന്റെ മൂലയിൽ നിന്ന് പൊടി തട്ടിക്കുടഞ്ഞ് അമ്മ കയറി വന്ന് അവൾക്ക് ചായയിട്ടു കൊടുക്കുക. കാലാകാലങ്ങളിൽ പ്രകൃതിക്കൊപ്പം അമ്മ നട്ടും നനച്ചും ശേഖരിച്ചുണ്ടാക്കുന്ന എന്തെങ്കിലുമാകും കഴിക്കാൻ കിട്ടുക. ചക്കയും മാങ്ങയും , ചേമ്പ് കാച്ചിൽ തുടങ്ങിയ കിഴങ്ങു വർഗ്ഗങ്ങൾപുഴുങ്ങിയത്. കപ്പ മാത്രം എന്തൊ അമ്മ നടാറില്ല . അഴിച്ചു വിടുന്ന ആടിൻ കുഞ്ഞുങ്ങളെങ്ങാൻ തിന്നു ചത്താലോ എന്ന പേടിയാലാവും. എത്ര തന്നെ സംരക്ഷിച്ചാലും പച്ചമുളക് ചെടികൾ അവ അമ്മയുടെ കണ്ണുകൾ വെട്ടിച്ച് സമൂലം തിന്നു തീർത്തിരിക്കും. വെളുത്ത കാന്താരിയും ഉണ്ടമുളകും അമ്മയുടെ മനസ്സിനെ കരയിപ്പിക്കും. കോരിയിട്ട കോഴിക്കാഷ്ഠത്തിന്റെ കണക്കു പറഞ്ഞാവും എണ്ണിപ്പറക്കുക. വല്ലാതെ സങ്കടപ്പെടുമ്പോൾപാവം തോന്നും അമ്മയോടും ചെടിയോടും .

ഓണമായാൽ വീട്ടിൽ വട്ട ഉപ്പേരി വറുക്കും. നേന്ത്രപ്പഴവും വാങ്ങും. ചെറുപഴം വളപ്പിൽ ധാരാളമുള്ള തിനാൽ തീരെ ഇഷ്ടമില്ല. അമ്മ അത് ആർക്കെങ്കിലുമൊക്കെ വെറുതെ കൊടുക്കും. തേവാൻ വരുന്ന ദിവാകരേട്ടന്, ചെത്താൻ വരുന്ന കുമാരൻ ചേട്ടന്, ഓലമുടയാൻ വരുന്ന ചക്കിപ്പെലിക്ക് എന്നു വേണ്ട പൊരിവിൽക്കാൻ വരുന്ന പാണ്ടി വള്ളിക്ക് വരെ . വഴിയെ പോകുന്നഏതെങ്കിലുംപരിചയക്കാരെ കണ്ടാൽ അവർ ചോദിച്ചാലും ഇല്ലെങ്കിലും കൊടുക്കും . അമ്മയുടെ ഈ ദാനശീലം മുതലെടുത്ത്

പലരും ഞങ്ങളെ പട്ടിണിക്കാരാക്കിയിട്ടുണ്ട്.

ഒരു ദിവസംഅമ്പലത്തിൽ നിന്ന് തിരികെ പോകുന്ന രു ഗ്മണിവല്ല്യമ്മയെ കണ്ടപ്പോൾ അരി കടം വാങ്ങിക്കാൻ വന്ന പാറുവമ്മമ്മയാണ് അവരെപ്പറ്റി അമ്മയോട് ചോദിക്കുന്നതവൾ കേട്ടത്.

"പത്മിനീ നിൻ്റെ ഭാസ്കരൻ നാട്ടിൽ വരുമ്പോൾ രുഗ്മണീടെ വീട്ടിലേക്ക് പോകാറുണ്ടോ " . അതുകേട്ട അമ്മ അവളെ അരിയളക്കാൻ

നാഴിയെടുക്കാനായി അടുക്കളയിലേക്ക് പറഞ്ഞു വിടുകയായിരുന്നു . നാഴിയുമായി എത്തിയപ്പോൾ അമ്മ പറയുന്നത് പയ്യെ കുശുകുശുപ്പായി മാററുകയും ചെയ്തു. എന്നിട്ട് "വലിയോരു പറയുന്നത് വായിനോക്കി നിൽക്കാതെ അപ്പുറത്ത് പൊയ്ക്കോ " എന്ന് അവളോടായി ആജ്ഞാപിക്കുകയും ചെയ്തു. ആടിനെ അഴിച്ചു വിട്ടു കൊണ്ട് പാടത്തേക്കിറങ്ങി നടന്ന് അവളതു മറന്നു.പിന്നീടൊരു ദിവസം കറിവെക്കാൻ പപ്പക്കായ പറിച്ചു കൊണ്ടുപോകാൻ തോട്ടിയുമായി വിട്ടിലേക്ക് ഓടിവന്ന ജാനുവാണ് കഴിഞ്ഞ വരവിൽ ഭാസ്കരൻ രുഗ്മണീടെ വീട്ടിൽനിന്ന് വർത്താനം പറയുന്നത് കണ്ടൂന്ന് തേങ്ങേറ്റക്കാരൻ കുമാരൻ പറഞ്ഞ കാര്യം അമ്മയോട് പറഞ്ഞത്. അമ്മയുടെ ഉത്തരം

" വന്നൊ പോയൊ ഞാനൊന്നും ചോദിക്കില്ലെന്റെ ജാന്വോ" . ഉത്തരത്തിനു കാത്തു നിൽക്കാതെ,പപ്പായ പറിക്കാതെ തോട്ടിയവിടെത്തന്നെ ഉപേക്ഷിച്ച് ജാനു പാട്ടിസരുവിന്റെ വീട്ടിലേക്കു  പറന്നു .

പാറുവമ്മമ്മ അരിയും പലതും പലവട്ടം  കടം

 വാങ്ങുകയും ഒരു വട്ടം പോലും തിരിച്ചു തരാതിരിക്കയും, ജാനു വീണ്ടും വീണ്ടും പപ്പായകൾ പറിക്കുകയും പരക്കെ  പരദൂഷണങ്ങൾ നട്ടുപൊടിപ്പിക്കുകയും

 ചെയ്തുകൊണ്ടിരുന്നു. ഒരിക്കൽ അച്ഛൻ ലീവിന് നാട്ടിൽവന്ന സമയത്ത് പനി പിടിച്ച അവളെയുംകൊണ്ട് ആശുപത്രിയിൽ പോയി മടങ്ങും വഴി പച്ചക്കടലാസിൽ പൊതിഞ്ഞ ഡെക്കാൻമിഠായികൾ വാങ്ങിയപ്പോൾ ഒരു പൊതി കൂടുതൽ വാങ്ങി. രുഗ്മണി വല്ല്യമ്മയുടെ പടിക്കൽ എത്തിയപ്പോൾ ആ കുട്ടികളെ വിളിച്ച്  കൊടുക്കുകയും ചെയ്തു. അവർക്ക് കൊടുത്തതെന്തിനാണ് എന്ന അവളുടെ ചോദ്യ ഭാവത്തിന് ഉത്തരമെന്നോണം " ആ ചേച്ചിമാരുടെ അച്ഛൻ മരിച്ചു പോയി , പാവങ്ങളല്ലേ " എന്ന് പറയുകയും ചെയ്തു.മഴയും മഞ്ഞും വെയിലും മാറിക്കൊണ്ടിരുന്നു അവളും.

. പത്താം ക്ലാസ്സിലെ പാഠങ്ങൾ മൂവാണ്ടൻമാവിൽ ലാലു കെട്ടിത്തന്ന ഊഞ്ഞാലിൽ ഇരുന്നു പഠിക്കുമ്പോൾ , ഒരു ഓലമെടയൽ സീസണിൽ വെച്ചാണ് അതു കേട്ടത്.  മണ്ണെണ്ണപ്പാട്ടയുമായി റേഷൻ കടയിലേക്കു പോകുന്ന  വല്ല്യമ്മയെ നോക്കി സരസു പറഞ്ഞു "അവർ ഇവിടെ എങ്ങിനെ സുഖമായി ജീവിക്കണ്ടവരായിരുന്നെൻ്റെ കുട്ട്യേ ,കഷ്ടം !

വിധീന്നല്ലാണ്ടെന്താ പറയാ " എന്നിട്ടൊരു ദീർഘശ്വാസം വിട്ടുകൊണ്ട് മുട്ടിപ്പലകയിലേക്ക് ഒന്നുകൂടി അമർന്നിരുന്നു. കേട്ടപാടെ മുടിപ്പിന്നുകളിൽ വലിച്ചുരസിച്ചു കൊണ്ടിരുന്ന ലാലുവിനെ തട്ടി മാറ്റി അവൾ ഉഞ്ഞാലിൽ

നിന്നെഴുന്നേറ്റ് കുഞ്ഞമ്മയെ നോക്കി നിന്നു. സരു പോയിക്കഴിഞ്ഞപ്പോൾ കുഞ്ഞമ്മ പറഞ്ഞു " ആവല്ല്യമ്മ മോളുടെ സ്വന്തം ഇളയമ്മയാണ് .മോളിൽ നിന്നിനി ഒന്നും മറച്ചു വെക്കേണ്ട കാര്യമില്ല.

രാജിമോളിപ്പോൾ വലിയ കുട്ടിയായില്ലെ ".

പിന്നീട് പലപ്പോഴായി അമ്മയിൽനിന്നും കുഞ്ഞമ്മയിൽ നിന്നും അയൽവാസികളിൽ നിന്നും പകർന്നു കിട്ടിയ മുറി അറിവുകൾ എല്ലാം പസ്സിലുകളായി

ഒട്ടിച്ചെടുത്തത് അവൾ തന്നെയായിരുന്നു. എങ്കാലും അവർ എന്നും അവളുടെ മനസ്സിൽ വല്ല്യമ്മയായത്തന്നെ നിലനിന്നു .വളരുന്ന ഏതൊരുപെൺകുട്ടിക്കുംകിട്ടേണ്ട എല്ലാ അറിവുകളും അവൾക്ക് അമ്മക്കു പകരം കുഞ്ഞമ്മയിൽ നിന്നാണ് കിട്ടിയത്. മൂന്നു വീടപ്പുറമുള്ള കുഞ്ഞമ്മ വീട്ടിലെ വെറും സഹായിയായി വരുന്നതാണെങ്കിലും

അവൾക്ക് സ്വന്തം കുഞ്ഞമ്മയാണ് . അമ്മക്ക് ചില കാര്യങ്ങളിൽ വലിയ അവബോധം ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ വല്ല്യമ്മയെപ്പറ്റിയുള്ള പലതും അവൾക്ക് അമ്മയിൽനിന്ന് ചോദിക്കാതെ അനായാസേന ചൂഴ്ന്നെടുക്കാനും പറ്റി.

തൊഴുത്തു മേയൽ കഴിഞ്ഞ് ബാക്കിയുള്ള ചരുക്കോല തീ കത്തിക്കാനായി കൊണ്ടുപോകാൻ വന്ന സരുവാണ് അമ്മിണി വല്ല്യമ്മയുടെ മൂത്ത മകളുടെ കല്യാണക്കാര്യം അമ്മയുമായി ചർച്ച ചെയ്യുന്നത് കേട്ടത്. "ബോംബേലാ ജോലി , തെക്കെങ്ങാണ്ട് ഉള്ളതാന്ന കേട്ടെ " . ഓലക്കെട്ട് സരുവിന് ഏറ്റിക്കൊടുത്തു മടങ്ങുമ്പോൾ അമ്മ സ്വയമെന്നോണം പറയുന്നുണ്ടായിരുന്നു " അവൾ അത്രക്ക് വലുതായൊ " ഞാൻ വരുമ്പോൾ രണ്ടു വയസ്സല്ലെ കാണൂ ...പെൺകുട്ടികൾ എത്ര പെട്ടെന്നാണ് വളര്ണേല്ലെ...

വെച്ചോണ്ട് ഇരിക്കാണ്ട് മാറ്റാന്റെ കൈ പിടിച്ചു വേഗം കൊടുക്കുന്നത് നല്ലത് തന്ന്യ " .

കാവിലെ ഉത്സവത്തിന് അമ്പലത്തിൽ വല്ല്യമ്മയും ചേച്ചിയും ചേട്ടനും വന്നിരുന്നു . അവളോടവർ അച്ഛൻ എന്നാണ് വരുന്നതെന്ന് ചോദിച്ചു. ഓണത്തിന് മിക്കവാറും വരുമെന്നവളും. സുമതിച്ചേച്ചിയെക്കാൾ ഒരുപാട് പ്രായക്കൂടുതലുള്ള ,കറുത്തുകുറുകിയ ചേട്ടൻ .അവൾക്ക് വല്ലാത്ത

വിഷമം തോന്നി. വീട്ടിലെത്തിഅമ്മയോട് എല്ലാം പറയുകയും ചെയ്തു "എന്താ ചെയ്യാ അച്ഛനില്ലാത്ത കുട്ടിയല്ലേ വിധി . കുട്ടിക്ക്നല്ലതു മാത്രം വരുത്തണെ മുത്ത്യമ്മേ ", പ്രാർത്ഥിച്ചു കൊണ്ട് അമ്മ മുറ്റത്തേക്ക് നടന്നു. ഉത്സവത്തിന്റെ ആഘോഷങ്ങളൊന്നും അവളെ തീരെ സന്തോഷിപ്പിച്ചില്ല .കുപ്പിവളയൊ പ്രിയ മത്തങ്ങാ ബലൂണുകളൊ പൊട്ടാസു പെട്ടിയൊ ഒന്നും വാങ്ങിയില്ല. മനസ്സു നിറയെ ചേച്ചിയുടെ വിഷമിച്ച മുഖം . മടങ്ങുംവഴി നേരെ കുഞ്ഞമ്മയുടെ അടുത്തേക്ക് ഓടി സങ്കടം പങ്കുവെച്ചു. കുഞ്ഞമ്മ സമാധാനിപ്പിച്ച് അവളെ വീട്ടിലേക്ക് വിട്ടു. അവളുടെ പ്രീഡിഗ്രി കാലത്താണ് ഓണക്കളി കാണാൻ പോയി മടങ്ങും വഴി വന്ന പാറുവമ്മമ്മയാണ് ആ ചേട്ടൻ സുമതിച്ചേച്ചിയേയും കുട്ടിയേയും ഉപേക്ഷിച്ചുപോയ കാര്യം പറഞ്ഞത്. അയാൾക്ക് ബോംബെല് പെണ്ണും കുട്ടികളും ഉണ്ടെന്ന് .തുന്നപ്പീട്യേക്കാരൻ ചന്ദ്രേട്ടന്റെ, ബോംബെയിൽ ഡ്രൈവറായി ജോലി ചെയ്യുന്ന മകൻ നാട്ടിൽ വന്നപ്പോൾ പറഞ്ഞറിഞ്ഞതാണെന്ന് .അവൾക്കത് കേട്ടപ്പോൾ പ്രത്യേകിച്ച് ഒന്നും തോന്നിയില്ല ...പഴയ വിഷമമോ ഒന്നും . എല്ലാം പ്രതീക്ഷിച്ചിരുന്നതു പോലെ .

വായിച്ചറിഞ്ഞ

കഥകളിൽ നിന്നവൾക്കതു പരിചിതവും.

പിന്നീടൊരിക്കൽ കാവിൽ പറ നിറക്കാൻ വന്ന വല്ല്യമ്മയുടെ കൂടെ കറു കറുത്തു തുടുത്ത കുഞ്ഞൻകുട്ടിയെ കണ്ടപ്പോൾ അയാളോടൊരു ദേഷ്യം തോന്നിയെങ്കിലും കുട്ടിയുടെ വെളുത്ത ചിരിയിൽ അത് പൊടുന്നനെ അലിഞ്ഞു പോയി. അറിയാതെ അവനേക്കൂടി അവളിൽ ഒട്ടിച്ചു ചേർക്കുകയും ചെയ്തു.ചില വഴികളിൽ കൂടി മനുഷ്യർ എത്രയൊക്കെ മുന്നോട്ടു പോയാലും പിൻതിരിഞ്ഞു നോക്കാനുള്ള സഹജമായ പ്രവണത അവളിലുമുണ്ടായിരുന്നു. വല്യമ്മയുടെ വല്ലാത്തൊരു സ്നേഹമാണ് അവളെ എന്നും വിടാതെ പിന്തുടരുന്നത്. അത് ഒരുപക്ഷേ അവരുടെ ദുരിതസാഹചര്യങ്ങളാവും അവരെ അങ്ങനെ ആക്കി തീർത്തതെന്ന് അവൾ ആശ്വസിച്ചുകൊണ്ടിരുന്നു. നമ്മൾ എവിടെഎങ്ങിനെ ആകണമെന്നൊന്നും ഒരു നിബന്ധനയൊന്നും ആരും എഴുതിവെച്ചിട്ടില്ല. സ്ഥിരപരിചിതരിൽ തന്നെ അടിസ്ഥാനസ്വഭാവവും പെരുമാറ്റവും പലഘട്ടങ്ങളിലും നന്നായി മാറിയും മറഞ്ഞും ബന്ധപ്പെട്ടു കിടക്കുന്നതായി തോന്നിയിട്ടുണ്ട് . വിശ്വാസവും അതുപോലെ. സ്നേഹത്താൽ പരിത്യജിക്കപ്പെട്ടവരുടെ ചരിത്രവും കാലങ്ങളും, എല്ലാംതിരിച്ചറിഞ്ഞിട്ടും വെറുതെ സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും കൊതിക്കുന്നവരുടെയും ലോകം .

ചായക്കടക്കാരൻ പരമുവിന്റെ മകൾ മണിക്കുട്ടിക്ക് ഒരു വയസ്സുള്ളപ്പോഴാണ് സ്വന്തം അച്ഛനെ നഷ്ടമായത്. കർക്കിടകത്തിലെ ഇരുണ്ട പുലരിയിൽ കറവയ്ക്കായി പോയ അച്ഛൻ മടങ്ങിവന്നില്ല. തോരാ മഴയെ ഗർഭം ധരിച്ച് പ്രസവിച്ച കനാൽ വിഴുങ്ങി. പാവടിപ്പാലം കടന്ന് ദുരന്തക്കാറ്റ് പെട്ടെന്ന് ശാന്തിപ്പാലത്തിനടുത്തെത്തി ആ മണിവിളക്ക് ഊതിക്കെടുത്തുകയായിരുന്നു. അനാഥരായ അമ്മയും മകളും സ്വന്തം ചായക്കട നടത്തി ഉപജീവനം കഴിച്ചു വരികയായിരുന്നു . കനാൽ വീണ്ടും വീണ്ടുംനിറഞ്ഞു കവിയുകയും വരണ്ടു മെലിയുകയും ചെയ്തു കൊണ്ടിരുന്നു

കാഥികനിലൂടെ കാലം കടന്നുപോവുകയും മണിക്കുട്ടി അഴകളവുകൾ കൃത്യമായി കൊത്തിവെച്ച രുഗ്ണി ആവുകയും ചെയ്തു.

ഒരു ഓണക്കാലത്താണ് പണ്ട് പത്താം ക്ലാസ്സ് കഴിഞ്ഞപ്പോൾ നാടുവിട്ടുപോയി കറങ്ങി കൊളമ്പിൽ എത്തിപ്പെട്ട സ്വന്തം വല്ല്യച്ചൻ തിരിച്ചു വന്നതും ബാക്കി കഥയും രാജിയോട് അമ്മയാണ് പറഞ്ഞത് . അവിടെ ഒരു പണക്കാരൻ സായിപ്പിന്റെ ജോലിക്കാരനായതും അയാളുടെ ശീലങ്ങളും സമ്പത്തും സ്വായത്തമാക്കി വന്നതും. അച്ഛമ്മയുടെ നിരന്തര നിർബന്ധത്തിനു വഴങ്ങിയാണ് മൂത്ത മകനായ വല്ല്യച്ഛൻ നാട്ടിലെത്തിയത്. കൂടാതെ രണ്ട് ആൺമക്കൾ കൂടി അച്ഛമ്മയ്ക്കുണ്ട്. മൂത്ത ആങ്ങളയുടെ പണക്കാരിയും വിരൂപിയും ആയ ഏകമകളെ കല്യാണം കഴിപ്പിക്കുക എന്ന ഉദ്ദേശശുദ്ധിയാണ് അച്ഛമ്മയ്ക്ക് ഉണ്ടായിരുന്നത് . പെൺ മക്കളില്ലാത്ത അച്ഛമ്മയ്ക്ക് ആങ്ങളയുടെ മകളെ രക്ഷിക്കണം എന്നു കൂടി ഉണ്ടായിരുന്നു. ആയിടയ്ക്കാണ് ചെറിയ ഭൂവുടമയും കർഷകനുമായ അച്ഛച്ഛന്റെ പെട്ടെന്നുള്ള മരണം ..

അച്ഛമ്മയേയും പശു, കൃഷി എന്നിവ ഇട്ടെറിഞ്ഞു പോകാൻ വല്ല്യച്ഛനു കഴിയാതായി. കല്യാണം ഉറപ്പിക്കുകയും ചെയ്തു. ഓണക്കളി കാണാൻ പോയ വല്യച്ഛൻ മുണ്ടുംനേര്യതും ചുറ്റി മുട്ടോളം കുടപ്പനിറങ്ങിക്കിടക്കുന്ന വെള്ളിയരഞ്ഞാണമണിഞ്ഞ് ഓണം കളിക്കുന്ന രുഗ്മണിയെ കണ്ടതും ആകൃഷ്ടനായി, പിന്നീട് നികൃഷ്ടനായെങ്കിലും. ചായക്കടയിൽ എന്നും പാൽ കൊടുക്കാൻ പോകുകയെന്ന വ്യാജേന രുഗ്മണിയെ കാണുകയായിരുന്നു ഉദ്ദേശം. ഒരുപക്ഷെ പ്രണയവും വിവാഹ വാഗ്ദാനവും നൽകി വല്ല്യച്ഛൻ പറഞ്ഞു പറ്റിക്കുകയായിരുന്നിരിക്കാം.

അല്ലെങ്കിൽ അച്ഛമ്മയുടെ നിർബന്ധത്തിനു വഴങ്ങി പറഞ്ഞുറപ്പിച്ച മുറപ്പെണ്ണിനെ കല്യാണം കഴിച്ചതുമാകും.എന്നിട്ടും നിരന്തരംഅവർക്ക് പ്രതീക്ഷകൾ കൊടുത്തു കൊണ്ടിരുന്നു. അനിയൻ നാട്ടിൽ വരുമ്പോൾ

അയാളെ ക്കൊണ്ട് കല്ല്യാണം കഴിപ്പിക്കാമെന്ന് . വല്യച്ഛനേക്കാൾ സുന്ദരനായ അനിയനെ രുഗ്മിണി തനിച്ച് വല്ലാതെ പ്രണയിക്കാൻ തുടങ്ങിയിരുന്നു. വല്ല്യച്ഛൻ വാഗ്ദാനങ്ങളിൽ ബന്ധം തുടരുകയും ചെയ്തു. അച്ഛൻ അവധിക്ക് വരുന്നതിനു മുൻപ് തന്നെ വല്യച്ഛന്റെ ഭാര്യ പിണങ്ങി സ്വന്തം വീട്ടിലേക്ക് പോയിരുന്നു. ചെറുപ്പം മുതൽക്കെ വലിയച്ഛനെ സ്വഭാവംനന്നായിത്തന്നെ അറിയാവുന്നതുകൊണ്ട് രുഗ്മിണിയെ കെട്ടാൻ അച്ഛൻസമ്മതിച്ചില്ല. ആരോടും ഒന്നംപറയാതെ രായ്ക്ക് രാമാനം സിലോണിലേക്ക് തിരിച്ചു പോയി. തൻ്റെ ഇംഗിതം ഫലിക്കാതെ വന്ന വല്ല്യച്ഛൻ ഇളയ അനിയനെ അച്ഛമ്മക്ക് തീരെ സുഖമില്ലെന്ന് കമ്പിയടിച്ചു വരുത്തി. ആളെക്കൊണ്ട് നിർബന്ധിച്ചു അവരെ കല്യാണം കഴിപ്പിക്കുക യായിരുന്നു .ഇളയച്ഛന് ജോലിക്ക് തിരിച്ചു പോകാൻ പെട്ടെന്ന് കഴിയാതായി. ഭാര്യയുടെചായക്കട വിപുലീകരിച്ചു നടത്താൻ വല്ല്യച്ഛൻ ചട്ടംകെട്ടിയപ്പോൾ നിവൃത്തിയില്ലാതെ അനുസരിക്കുകയായിരുന്നു ഇയച്ഛൻ.താമസം വല്യച്ഛനൊപ്പം. വല്ല്യച്ഛൻ വീണ്ടും ഒരു നിർധനയുവതിയെ വിവാഹം കഴിച്ചു. അടുത്ത വരവിന് തന്നെ അച്ഛനും .

ചതിയും പ്രണയവും ജീവിതവും തിരിച്ചറിഞ്ഞ സ്വന്തം ഭാര്യയുടെ നിരന്തര നിർബന്ധത്താലോ വല്യച്ഛന്റെ യഥാർത്ഥ സ്വഭാവത്തിൽ സംശയം തോന്നിയിട്ടോ ഇളയച്ഛൻ സ്വത്ത് ഭാഗം വയ്ക്കാനായി നിർബന്ധം പിടിച്ചു . ഭാഗം വെക്കാൻ തീരുമാനിച്ചത് ഇഷ്ടപ്പെടാത്ത വല്യച്ഛൻ അച്ഛനെ ' അടിയന്തിരമായി വിളിച്ചു വരുത്തി .അച്ഛമ്മയെ നോക്കേണ്ട മുതലിനെച്ചൊല്ലി വലിയ വഴക്കും വക്കാണവുമായി വാക്കുതർക്കം മൂത്ത് കത്തിയെടുത്തു വല്യച്ഛൻ . ഇളയച്ഛൻ കത്തി തടഞ്ഞ് വല്ല്യച്ഛനെ പിൻ തിരിപ്പിക്കുന്നതിനിടയിൽ വല്ല്യച്ഛനും അച്ഛനും കുത്തുകൊണ്ടു . വല്യച്ഛൻ അച്ഛനെ കുത്തുകയായിരുന്നു എന്ന് അച്ഛൻ പിന്നീട് അമ്മയോട് പറഞ്ഞിട്ടുണ്ട് . ഒരു പക്ഷേ അതു കണ്ടാകാം ഇളയച്ഛൻ വല്യച്ഛനെ കുത്തിയത് .ഇവരെ പെട്ടെന്ന് ആശുപത്രിയിൽ കൊണ്ടു പോകുന്ന ബഹളത്തിൽപ്പെട്ട് ഇളയച്ഛനെ ആരും ശ്രദ്ധിച്ചില്ല . മാനസിക വിഷമം മൂലമാകാം ഉടനടി കരിഞ്ഞോട്ട മരത്തിൽ കെട്ടിത്തൂങ്ങി ആത്മഹത്യ ചെയ്യുകയായിരുന്നു. / ശേഷം വല്ല്യച്ഛൻ ഇളയമ്മയേയും രണ്ടുമക്കളെയും ഇറക്കിവിട്ടു .

സ്വന്തം വീട്ടിലേക്ക് പോയ അവർക്ക് അച്ഛൻ മുൻപ് വാങ്ങിച്ചിട്ടിരുന്ന വീടും വളപ്പും സ്വന്തമായി എഴുതിക്കൊടുത്തു. രുഗ്ണി വല്ല്യമ്മക്ക് അച്ഛനോടുള്ള പ്രണയം അമ്മ പലപ്പോഴും കണ്ടിട്ടുണ്ടത്രെ.ഉറങ്ങിക്കിടക്കുന്ന അച്ഛനെ അവർ ചെന്ന് ഉമ്മവെക്കാറുള്ളത് , എന്തോ അത് അമ്മയുടെ നേട്ടം

പോലെ ,അവരുടെ ദ്യൂഷ്യം പോലെ കളിയാക്കി പുച്ഛത്തോടെ ഒക്കെഅവളോട് പറഞ്ഞിട്ടുണ്ട്   വല്ല്യച്ഛൻ വല്ല്യമ്മയോട്പലപ്പോഴും നീ ഇനിയെങ്കിലും രുഗ്മിണിയെ കണ്ടുപഠിക്കണമെന്നു പറഞ്ഞിട്ടുണ്ടത്രെ .അച്ഛമ്മയ്ക്ക് എല്ലാവരേയും വേണമായിരുന്നു .ചേർത്തു നിർത്താൻ ഉള്ള ഒന്നാന്തരം മിടുക്കും ഉണ്ടായിരുന്നു. എന്തായാലും അവളുടെ വീട്ടിലെ പെൺമക്കൾക്കൊക്കെ മൂത്ത ചേച്ചിയുടെ ഛായയും നിറവും മുടിയും സൗന്ദര്യവുമാണെന്ന് നാട്ടുകാർക്കിടയിൽ സംസാരമുണ്ടായിരുന്നു.

കനാൽ അന്നും ഇന്നും നിറഞ്ഞും മെലിഞ്ഞും  ഒഴുകിക്കൊണ്ടേയിരിക്കുന്നു. ഒഴിഞ്ഞ  പ്ലാസ്റ്റിക് കുപ്പികൾ  ആരൽ കൂടുകളെ നിഷ്ക്കാസനം ചെയ്തിരിക്കുന്നു ...... ചെമ്മൺ ബണ്ടുകൾ ടൈൽ  നിരത്തി പള്ളിക്കവാടത്തിലേക്കുള്ള വീതി കൂടിയ വഴിയായി . വാർദ്ധക്യത്തിലെത്തിയ രുഗ്ണിവല്യമ്മ ആരും നോക്കാനില്ലാതെ

വന്നപ്പോൾ കഴിഞ്ഞ കർക്കിടകത്തിൽ  നിറഞ്ഞുകവിഞ്ഞ കനാലിൽ ഇറങ്ങി വെള്ളാരംകല്ല് പെറുക്കാൻ പോയി .  ശരിക്കും മരണത്തിന് ജീവിതത്തെ രക്ഷിക്കാനാകുമായിരിക്കും, മറിച്ചല്ല .... ഓർമ്മകളിലേക്കവളും ഒഴുകി, ഉരുണ്ടു മിനുത്തൊരു  വെള്ളാരങ്കല്ലായി ..